# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**


പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 22-01-2014

## അനധികൃത അൺ-എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകാനുള്ള നീക്കം ആപൽക്കരം

## -കെ എസ് ടി എ

സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്ന രണ്ടായിരത്തി നാന്നൂറോളം അൺ-എയ്ഡഡ് സ്കൂളുകൾക്ക് ഒരു മാനദണ്ഡവുമില്ലാതെ അംഗീകാരം കൊടുക്കാനുള്ള വിദ്യാഭ്യാസ മന്ത്രിയുടെ നീക്കം അത്യന്തം അപലപനീയവും ആപൽക്കരവുമാണെന്ന് കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി പ്രസ്താവനയിൽ പറഞ്ഞു. വിദ്യാഭ്യാസ അവകാശ നിയമത്തെ തെറ്റായി വ്യാഖ്യാനിച്ചു കൊണ്ട് എണ്ണൂറോളം സ്കൂളുകൾക്ക് കഴിഞ്ഞമാസം അംഗീകാരം നൽകിയിരുന്നു. നിശ്ചിത ദൂര പരിധിയിൽ കുട്ടികൾക്ക് സൗജന്യവിദ്യാഭ്യാസം നൽകാൻ സ്കൂളുകൾ വേണമെന്നും സൗകര്യങ്ങളുള്ള സ്കൂളുകൾക്ക് അംഗീകാരം കൊടുക്കാമെന്നുമുള്ള നിയമത്തിലെ വ്യവസ്ഥയെയാണ് ഇതിനായി സർക്കാർ ദുരുപയോഗം ചെയതത്. പൊതുവിദ്യാലയങ്ങളിൽ പത്തുലക്ഷത്തിലധികം കുട്ടികൾക്ക് പഠിക്കാനുള്ള ക്ലാസ് മുറികൾ ഒഴിഞ്ഞുകിടക്കുകയാണ്. തസ്തികയില്ലാത്ത ഇരുപതിനായിരത്തിലധികം അധ്യാപകരും ഇവിടെയുള്ളപ്പോൾ അൺ-എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം കൊടുക്കുന്നതിനുപിന്നിൽ വലിയ അഴിമതിയുണ്ട്. കുട്ടികൾ കുറവുള്ള നാലായിരത്തോളം സ്കൂളുകൾ ഇവിടെയുണ്ട്. മെച്ചപ്പെട്ടനിലയിൽ പ്രവർത്തിക്കുന്ന എട്ടായിരത്തോളം സ്കൂളുകളുടെ സമീപത്ത് ഒരുമാനദണ്ഡവുമില്ലാതെ സ്കൂളുകൾ തുടങ്ങാൻ അനുവദിക്കുന്നത് പൊതുവിദ്യാലയങ്ങളെ തകർക്കാനാണ്. ആവശ്യത്തിന് കെട്ടിടങ്ങളോ സ്ഥലസൗകര്യങ്ങളോ ഇല്ലാതെയാണ് ഇത്തരം സ്കൂളുകൾ ഇവിടെ അനധികൃതമായി പ്രവർത്തിക്കുന്നത്.

വിദ്യാഭ്യാസ വകുപ്പിന്റെ പരിശോധനയിൽ നിരസിച്ച ഈ സ്കൂളുകളുടെ അപേക്ഷകൾ സ്വീകരിക്കുന്ന മന്ത്രിയുടെ നിലപാട് അദ്ദേഹത്തിന്റെ സ്ഥാനത്തിന് നിരക്കുന്നതല്ല. ദുരന്തങ്ങൾക്കിരയാവുന്ന കെട്ടിടങ്ങളുള്ള നൂറുകണക്കിന് സ്കൂളുകളും അപേക്ഷകരുടെ കൂട്ടത്തിലുണ്ട്. പൊതുവിദ്യാലയങ്ങളെ അടച്ചുപൂട്ടി അധ്യാപകരെയും കുട്ടികളെയും ഒരുപോലെ ചൂഷണം ചെയ്യുന്ന കച്ചവടക്കാരുടെ കൈകളിലേക്ക് വിദ്യാഭ്യാസരംഗത്തെ ഏൽപ്പിക്കാനുള്ള നീക്കം അംഗീകരിക്കാൻ കഴിയില്ല. സർക്കാർ നിലപാട് തിരുത്തിയില്ലെങ്കിൽ വലിയ പ്രക്ഷോഭത്തെ നേരിടേണ്ടിവരുമെന്ന് ജനറൽ സെക്രട്ടറി എം.ഷാജഹാൻ മുന്നറിയിപ്പ് നൽകി.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി